17/12/22

മാധ്യമം



പൊങ്ങം നൈപുണ്യ കോളജിൽ സ്ഥാപനാധിഷ്ഠിത കൃഷി പരിപാടി പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷൈനി ഷാജി ഉദ്ഘാടനം ചെയ്യുന്നു

# നൈപുണ്യ കോളജിൽ സ്ഥാപനാധിഷ്ഠിത ഓർഗാനിക് കൃഷിക്ക് തുടക്കം

**കൊരട്ടി:** സംസ്ഥാന കൃഷിവകുപ്പിന്റെയും കൊരട്ടി പഞ്ചായത്ത് കൃഷിഭവന്റെയും ആഭിമുഖ്യത്തിൽ പൊങ്ങം നൈപുണ്യ കോളജിൽ സ്ഥാപനാധിഷ്ഠിത കൃഷി പരിപാടിക്ക് തുടക്കം. കൃഷി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതിക്ക് ചാലക്കുടി മണ്ഡലത്തിൽ തിരഞ്ഞെടുത്ത സ്ഥാപനമാണ് പൊങ്ങം നൈപുണ്യ കോളജ്. കോളജിലെ ഭൂമിത്ര സേനയുടെ നേതൃത്വത്തിൽ വിദ്യാർഥികളാണ് ഒരു ഏക്കർ സ്ഥലത്ത് പച്ചക്കറി കൃഷിക്ക് തുടക്കമിട്ടത്. പദ്ധതിയുടെ ഉദ്ഘാടനം കൊരട്ടി പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷൈനി ഷാജി നിർവഹിച്ചു. നൈപുണ്യ കോളജ് പ്രിൻസിപ്പൽ ഫാ. ഡോ. പോളച്ചൻ അധ്യക്ഷത വഹിച്ചു. കൊരട്ടി പഞ്ചായത്ത് വികസന സ്ഥിരം സമിതി ചെയർമാൻ അഡ്വ. കെ.ആർ. സുമേഷ്, കൃഷി ഓഫിസർ ദീപ ജോൺ, ഷാജു പി. ജോൺ, ഭൂമിത്ര സേന കോഓഡിനേറ്റർ ടി.എൻ. ധനീഷ് എന്നിവർ സംസാരിച്ചു.